# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേലപരസ്യം

**മുണ്ടക്കയം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.**

മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട പീരുമേട് സബ്ഗ്രൂപ്പിലെ ഗ്രേഡ് 11 വണ്ടിപ്പെരിയാർ സത്രം ദേവസ്വത്തിലെ ചുവടെ പറയുന്ന കുത്തകകൾ 11.10.2018 രാവിലെ 11 മണിക്ക് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. താല്പര്യമുള്ളവർ ലേലം ആരംഭി ക്കുന്നതിനു മുമ്പായി ലേലസ്ഥലത്ത് ഹാജരായി 4000/- രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളാവുന്നതാണ്.

## കുത്തകകളുടെ വിവരം

1. 1194 വൃശ്ചികം 1 മുതൽ 1195 തുലോം 30 വരെ വണ്ടിപ്പെരിയാർ സത്രം ദേവസ്വ ത്തിൽ ദേവസ്വം അധികാരികൾ നിർദേശിക്കുന്ന സ്ഥലത്തുവച്ച് എണ്ണ, സാമ്പ്രാണി, കർപ്പൂരം തുടങ്ങിയ പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം.

2. മണ്ഡലം-മകരവിളക്ക് സീസണിൽ ദേവസ്വം അധികാരികൾ നിർദേശിക്കുന്ന സ്ഥലത്ത് താല്കാലിക കട കെട്ടി അദർ സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം.

3. മണ്ഡലം-മകരവിളക്ക് സീസണിൽ ദേവസ്വം അധികാരികൾ നിർദേശിക്കുന്ന സ്ഥലത്ത് താല്കാലിക കടകൾ കെട്ടി റ്റീ സ്റ്റാൾ (2 എണ്ണം ) നടത്തുന്നതിനുള്ള അവ കാശം,

4. മണ്ഡല മകര വിളക്കു സീസണിൽ പാർക്കിംഗ് ഗ്രൗണ്ടിൽ നിശ്ചിത ഫീസ് ഈടാ ക്കിക്കൊണ്ട് വാഹനങ്ങൾ പാർക്കു ചെയ്യിക്കുന്നതിനുള്ള അവകാശം.

**പാർക്കിംഗ് ഫീസ്**

| | |
|---|---|
| 1. ബസ് | - 100/- |
| 2 മിനി ബസ് - 15 മുതൽ 25 സീറ്റു വരെ | - 75/- |
| 3. മീഡിയം വെഹിക്കിൾ 5 മുതൽ 14 സീറ്റു വരെ | -50/- |
| 4. മിനി കാർ | -30/- |
| 5. 3 വീലർ | -15/- |

5. 1194 വൃശ്ചികം 1 മുതൽ 1195 തുലാം 30 വരെ വണ്ടിപ്പെരിയാർ സത്രം ദേവസ്വം തിരുനടയിൽ അടിക്കുന്ന നാളികേര ശിഷ്ടം എടുക്കുന്നതിനുള്ള അവകാശം.

6. മണ്ഡല മകരവിളക്കു സീസൺ കാലയളവിൽ നിശ്ചിത ഫീസ് ഈടാക്കി ലാട്രിനു കൾ ഉപയോഗത്തിൽ നൽകുന്നതിനുള്ള അവകാശം.

നിബന്ധനകൾ

ലേല ഇനത്തിന് ലേലം അനുവദിക്കുന്നതിനു മുമ്പായി ക്വട്ടേഷൻ ഹാജരാക്കാവുന്നതാണ്. ക്വട്ടേഷനൊപ്പം പങ്കെടുക്കുന്ന ആളിന്റെ ആധാർ /സർക്കാർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് അതേ ക്വട്ടേഷനൊപ്പം 10/- രൂപയുടെ ദേവസ്വം സ്റ്റാമ്പോ, 10/- രൂപ ദേവസ്വത്തിൽ അടച്ച രസീതോ ഉൾപ്പെടുത്തിയിരിക്കേണ്ടതും, നിശ്ചിത നിരത ദ്രവ്യം കെട്ടിയിരിക്കേണ്ടതുമാണ്.

2. മുൻ വർഷത്തെ ലേല തുകയുടെ 10% കൂട്ടിയുള്ള തുകയ്ക്ക് ഓരോ ലേലവും അനുവദിക്കുന്നതും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം അവസാനിപ്പിച്ച് , ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും, ക്വട്ടേഷനോ ലേലത്തുകയോ ഏതാണോ കൂടുതൽ ടി തുകയ്ക്ക് ലേലം അവസാനിപ്പിക്കുന്നതായിരിക്കും.

3. ലേലം അവസാനിപ്പിക്കുന്ന മുറയ്ക്ക് ലേലംപിടിച്ച വ്യക്തി ലേലത്തുക അപ്പോൾ തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം ഒന്നാം ലേലക്കാരന്റെ നിരത ദ്രവ്യം മുതൽ കൂട്ടി തൊട്ടടുത്ത ലേലക്കാരന് അവസരം നൽകുകയോ, തുക കുറവാണെങ്കിൽ ആവർത്തന ലേലം നടത്തുകയോ ചെയ്യുന്നതായിരിക്കും. ആവർത്തന ലേലത്തിൽ നഷ്ടം സംഭവിക്കുന്ന പക്ഷം ഒന്നാം ലേലക്കാരൻ മാത്രം ആയതിന് ഉത്തരവാദിയായിരിക്കുന്നതും ലാഭം വന്നാൽ ടിയാന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല. തുക അടക്കുന്നതിന് വീഴ്ച വരുത്തുന്നവരുടെ നിരത ദ്രവ്യം മുതൽകൂട്ടുന്നതായിരിക്കും.

4. ലേലം അനുവദിക്കുന്ന മുറയ്ക്ക് ലേലക്കാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ ദേവസ്വം ബോർഡിന്റെ നിബന്ധനകൾ പാലിച്ചുകൊള്ളാമെന്നും, ക്ഷേത്രാചാരങ്ങൾക്ക് കോട്ടം വരാതെ ലേലക്കാർ പ്രവർത്തിച്ചുകൊള്ളാമെന്നും കാണിച്ച് ഉടമ്പടി വയ്ക്കേണ്ടതുമാണ്.

5. താല്ക്കാലിക കടകൾ ലേലം കൊള്ളുന്ന കുത്തകക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ താല്കാലിക മീറ്റർ ഘടിപ്പിച്ച് വൈദ്യുതി ലഭ്യമാക്കേണ്ടതാണ്.

6. ആവശ്യമെന്നു കണ്ടാൽ ലേലം നിർത്തി വയ്ക്കുന്നതിനും ലേല നിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

7. ലേലം അനുവദിക്കുന്നതിനും,നിരാകരിക്കുന്നതിനും ഡിപ്പാർട്ടുമെന്റിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

8. ലേലങ്ങൾക്ക് നിലവിലുള്ളതും കാലാകാലങ്ങളിൽ ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്നതുമായ എല്ലാ ലേല വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്.

9. കുത്തക്കാർ അതാതു കാലത്ത് നിലവിലുള്ള മാർക്കറ്റ് റേറ്റ് അനുസരിച്ച് സാധനങ്ങളുടെ വില നിജപ്പെടുത്തേണ്ടതും സാധനങ്ങളുടെ വില പ്രദർശിപ്പിക്കേണ്ടതുമാണ്.

10. കുത്തകക്കാർ സർക്കാരിലേക്കോ തദ്ദേശ സ്ഥാപനങ്ങളിലേക്കോ എന്തെങ്കിലും തരത്തിലുള്ള ഫീസോ നികുതിയോ അടക്കേണ്ടി വരുന്ന പക്ഷം ആയത് ലേലക്കാരൻ സ്വന്തം നിലയിൽ ഒടുക്കു വരുത്തേണ്ടതാണ്.

11. ദേവസ്വം ബോർഡ്, പോലീസ്, ഫയർഫോഴ്സ്, ഹെൽത്ത് തുടങ്ങിയ വകുപ്പിലെ മേലധികാരികളുടേയും മറ്റ് ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ് മേധാവികളുടേയും നിർദേശങ്ങളും, അഭിപ്രായങ്ങളും ലേലക്കാരൻ പൂർണ്ണമായും പാലിക്കേണ്ടതാണ്.

4/10/18

ഒ.ജി.ബിജു
അസിസ്റ്റന്റ് കമ്മീഷണർ
മുണ്ടക്കയം